പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിനുള്ള ഭേദഗതി നോട്ടീസ്

രണ്ടാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1800. 2-ാം ഖണ്ഡത്തിൽ, -

(i) (എച്ച്) ഉപഖണ്ഡത്തിൽ, "അപ്രകാരം" എന്ന വാക്കിന് പകരം "അപ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

(ii) (എം) ഉപഖണ്ഡത്തിൽ, "ഉൾപ്പെടുന്നതുമാകുന്നു" എന്നതിന് പകരം "18-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയും ഉൾപ്പെടുന്നതുമാകുന്നു" എന്ന് ചേർക്കുക.

(iii) (ഇസഡ്) ഉപഖണ്ഡത്തിൽ "പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾക്ക് പകരം "മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കുക. കൂടാതെ ബില്ലിൽ "പ്രമാണീകരണ മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "മൂല്യനിർണ്ണയ കമ്മിറ്റി" എന്നീ വാക്കുകൾ ചേർക്കുക.

മൂന്നാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1801. ഖണ്ഡം 3(3)-ൽ "25 കോടി രൂപ" എന്നതിന് പകരം "25 കോടി രൂപയ്ക്ക്" എന്ന് ചേർക്കുക.

ആറാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1802. ഖണ്ഡം 6(1)-ൽ,-

(i) നിലവിലുള്ള (എച്ച്) ഖണ്ഡം (ഐ) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും പ്രസ്തുത ഖണ്ഡത്തിലെ "; കൂടാതെ" എന്ന ചിഹ്നവും വാക്കും വിട്ടുകളയുകയും ചെയ്യുക.

(ii) നിലവിലുള്ള (ഐ) ഖണ്ഡം (എച്ച്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും പ്രസ്തുത ഖണ്ഡത്തിലെ "-ജോയിന്റ് കൺവീനർ" എന്നത് വിട്ടുകളയുകയും "ഓഫീസ്" എന്ന വാക്കിനുശേഷം "; കൂടാതെ" എന്ന് ചേർക്കുകയും ചെയ്യുക.

ഏഴാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1803. ഖണ്ഡം 7 (1)-ൽ,-

(i) (ഡി) ഖണ്ഡത്തിലുള്ള "കൂടാതെ" എന്ന വാക്ക് വിട്ടുകളയുക.

(ii) നിലവിലെ (ഇ) ഖണ്ഡം (എഫ്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക.

"(ഇ) ഈ ആക്ട് പ്രകാരം അനുവദിച്ച ഒരു ക്ലിയറൻസ് 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ, അപ്രകാരം സസ്പെൻഡ് ചെയ്ത ക്ലിയറൻസ് പുനഃസ്ഥാപിക്കുന്നതിനോ; അല്ലെങ്കിൽ";

ഒൻപതാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1804. ഖണ്ഡം 9 (1) (ഡി)-ൽ "അവയുടെ ജില്ലാതല ഓഫീസർമാർ" എന്ന വാക്കുകൾക്ക് പകരം "ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

പതിനൊന്നാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1805. ഖണ്ഡം 11 (1)-ൽ,-

(i) (ഡി) ഖണ്ഡത്തിലുള്ള "കൂടാതെ" എന്ന വാക്ക് വിട്ടുകളയുക.

(ii) നിലവിലുള്ള (ഇ) ഖണ്ഡം (എഫ്) ഖണ്ഡമായി പുനരക്ഷരം ചെയ്യുകയും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക.

"(ഇ) ഈ ആകറ്റ് പ്രകാരം അനുവദിച്ച ഒരു ക്ലിയറൻസ് 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ, അപ്രകാരം സസ്പെൻഡ് ചെയ്ത ക്ലിയറൻസ് പുനഃസ്ഥാപിക്കുന്നതിനോ; അല്ലെങ്കിൽ";

പതിമൂന്നാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1806. ഖണ്ഡം 13-ൽ,-

(i) നിലവിലുള്ള ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) ബന്ധപ്പെട്ട നിയമപ്രകാരം ഒരു ക്ലിയറൻസിന്റെ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനോ, അവ ലംഘിക്കപ്പെട്ടാൽ (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം തിരുത്തൽ നടപടി സ്വീകരിക്കുന്നതോ ഒരു ക്ഷമതയുള്ള അധികാരസ്ഥാനത്തിനുള്ള അധികാരത്തെ ഈ ആക്ടിലെ ഒരു വ്യവസ്ഥയും ബാധിക്കുന്നതല്ല:

എന്നാൽ, ഏകീകൃത സംരംഭ ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടെ ഒരു ക്ലിയറൻസ് സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട അംഗീകാര കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതും, പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള നോട്ടീസോ നിരോധന ഉത്തരവോ പുറപ്പെടുവിക്കുന്നതിന് ഒരു ക്ഷമതയുള്ള അധികാര സ്ഥാനത്തിന് അധികാരം ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ";

(ii) ഉപഖണ്ഡം (3)-ന്റെ (2)-ാം ക്ലിപ്തനിബന്ധനയിൽ "എന്നിരുന്നാലും" എന്ന വാക്കിന് പകരം "എന്നു മാത്രമല്ല," എന്ന വാക്കും ചിഹ്നവും ചേർക്കുക.

പതിനാലാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1807. ഖണ്ഡം 14(3)-ൽ "(3)-ാം ഉപവകുപ്പ്" എന്നതിന് പകരം "(2)-ാം ഉപവകുപ്പ്" എന്നും "(3)-ാം ഉപവകുപ്പിൽ" എന്നതിന് പകരം "(2)-ാം ഉപവകുപ്പിൽ" എന്നും ചേർക്കുക.

പതിനെട്ടാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1808. ഖണ്ഡം 18(6)-ൽ "ബന്ധപ്പെട്ട പദ്ധതിയുടെ" എന്നീ വാക്കുകൾക്ക് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ഇരുപതാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1809. ഖണ്ഡം 20-ൽ നിലവിലുള്ള (2)-ഉം (3)-ഉം ഉപഖണ്ഡങ്ങൾ (3), (4) ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത (3)-ാം ഉപഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

"(2) ഈ ആക്ട് പ്രകാരം സമർപ്പിക്കപ്പെടുന്ന ഓരോ അപേക്ഷയിന്മേലും സരൾ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി, നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ അപേക്ഷകൻ പ്രോസസ്സിംഗ് ഫീസും കൂടി ഒടുക്കേണ്ടതാണ്.";

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1810. ഖണ്ഡം 21-ൽ "ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി" എന്നതിന് പകരം "വിവര സാങ്കേതികവിദ്യാ" എന്ന വാക്കുകൾ ചേർക്കുക.

പട്ടിക

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
ബഹു. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി.

1811. പട്ടികയിലെ (2)-ാം കോളത്തിൽ,

(i) ക്രമനമ്പർ 1-ൽ "സിനിമാസ്" എന്ന വാക്കിനു പകരം "സിനിമ" എന്ന വാക്ക് ചേർക്കുക.

(ii) ക്രമനമ്പർ 2-ൽ "1960-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം "1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ട്" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

(iii) ക്രമനമ്പർ 3-ൽ "1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ട്" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം "1986-ലെ കേരള ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ട്" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

(iv) ക്രമനമ്പർ 6-ൽ "ഭ്രജല" എന്ന വാക്കിന് പകരം "ഭ്രജലം" എന്ന വാക്ക് ചേർക്കുക.

(v) ക്രമനമ്പർ 7-ൽ "ജലസേചന ജലസംരക്ഷണ" എന്ന വാക്കുകൾക്ക് പകരം "ജലസേചനവും ജലസംരക്ഷണവും" എന്ന വാക്കുകൾ ചേർക്കുക.

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 28.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.